## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.488 10.03.2015-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. പി.കെ. ബഷീർ

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### കഴിഞ്ഞ ബഡ്ജറ്റിലെ പുതിയ പദ്ധതികൾ

| | | |
|---|---|---|
| (എ) | 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതെല്ലാമായിരുന്നു; | വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 217 ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ സുപ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | ഇവയിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച് പ്രവർത്തനം ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ്; | ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ എല്ലാത്തിനും പ്രവർത്തനാരംഭത്തിനായി സാങ്കേതികാനുമതിയുടെ ആവശ്യമില്ല. 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 94-ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും, അതിൽ 26 ഓളം പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു |
| (സി) | കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി മന്ത്രിതല യോഗങ്ങളിൽ വിലയിരുത്തിയിട്ടുണ്ടോ; | ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി മന്ത്രിതല യോഗങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടില്ല എന്നാൽ മാസം തോറും നടത്താറുള്ള സെക്രട്ടറിമാരുടെ കോൺഫറൻസിൽ നിർവ്വഹണത്തിന്റെ തത് സ്ഥിതി ഒരു കാര്യപരിപാടിയായി ഉൾപ്പെടുത്തി അവലോകനം ചെയ്തു വരുന്നുണ്ട്. |
| (ഡി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

| |
|---|
| **അനുബന്ധം-1** |
| **2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രധാന പുതിയ പദ്ധതികൾ** |
| **(വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)** |
| അരുവിക്കര, വെള്ളനാട്, ഉഴമലയ്ക്കൽ, ആര്യനാട് വില്ലേജുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്ന പദ്ധതി |
| 18.77 ലക്ഷം കർഷകർക്ക് അഗ്രി കാർഡ് നൽകൽ |
| കേരളത്തെ ഹൈ-ടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തൽ |
| കാർഷിക വികസന പദ്ധതികൾക്ക് മുൻതൂക്കം നൽകുന്ന പഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകൽ |
| അത്യുല്പാദന ശേഷിയുള്ള വിത്ത്/തൈ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ |
| പാഴ് വസ്തുക്കളിൽ നിന്ന് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കൽ |
| വെർട്ടിക്കൽ ഫാംമിംഗ് |
| ന്യായവില നൽകി കാർഷികോല്പന്നങ്ങളുടെ സംഭരണം |
| ഗ്ലോബൽ അഗ്രി മീറ്റ് സംഘടിപ്പിക്കൽ |
| Made in Kerala - Safe to eat എന്ന ബ്രാൻഡ് CII യു മായി ചേർന്ന് ഉത്പന്നങ്ങൾ വിപണിയിൽ അവതരിപ്പിക്കൽ |
| കേരള ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള പദ്ധതി |
| കർഷക നൈപുണ്യ അവാർഡ് അനുവദിക്കൽ |
| കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകരെ സംരക്ഷിക്കാനൊരു പാക്കേജ് |
| ഇ-ഓഫീസ് സംവിധാനം പൈലറ്റ് പദ്ധതിയായി ധനകാര്യ വകുപ്പിൽ നടപ്പാക്കൽ |
| കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം എന്ന പദ്ധതി |
| വി-കെയർ പദ്ധതി |
| വനിതകൾക്കായുള്ള അഭയ കേന്ദ്രങ്ങൾ പദ്ധതി |
| സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സർവ്വെ നടത്തൽ |
| 14 പുതിയ വൃദ്ധ സദനങ്ങൾ ആരംഭിക്കൽ |
| കുട്ടികളുടെ അവകാശം സംരക്ഷിക്കുന്നതിനായി സംസ്ഥാന കമ്മീഷൻ ആസ്ഥാനത്ത് ഒരു പോക്സോ ഡിവിഷൻ ആരംഭിക്കൽ |
| പട്ടിക വർഗ്ഗ ജന വിഭാഗത്തിനായി സംയോജിത സുസ്ഥിര വികസന പദ്ധതി |
| പട്ടിക വർഗ്ഗ വനിതകൾക്ക് അവരുടെ കുട്ടികളോടുകൂടി ഒരുമിച്ചു താമസിക്കാൻ കഴിയുന്ന വിധത്തിൽ വിവിധോദ്ദേശ ഹോസ്റ്റലുകൾ ആരംഭിക്കൽ |
| പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വായ്പകൾക്ക് കടാശ്വാസം നൽകൽ |
| പട്ടിക വർഗ്ഗക്കാർക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനായി ധനസഹായം നൽകൽ |
| അയ്യൻകാളി സെന്റർ ഫോർ റിസർച്ച് സ്റ്റഡീസിന് ഗ്രാന്റ് അനുവദിക്കൽ |
| സൗഭാഗ്യ ഭവന പദ്ധതി |
| മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ |
| മത്സ്യ വിപണനകേന്ദ്രങ്ങൾ തുറക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം |
| നവീന അക്വാകൾച്ചർ രീതികൾ പ്രോത്സാഹിപ്പിക്കൽ |
| എറണാകുളം വല നിർമ്മാണ ഫാക്ടറിക്ക് പുതിയ മെഷീനുകൾ സ്ഥാപിക്കാനുള്ള ധനസഹായം |
| പരപ്പനങ്ങാടിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കൽ |
| നികുതി വകുപ്പിൽ ഇ-ഗവേർണൻസ് പദ്ധതി |

| | |
|---|---|
| | എം.ജി. സർവ്വകലാശാലയിലെ നാനോ ടെക്നോളജി സെന്ററിന്റെ കീഴിൽ കൺവേർജനസ് അക്കാഡമിയ സെന്റർ സ്ഥാപിക്കൽ |
| | ഭാഗ്യക്കുറി വകുപ്പിൽ ഒരു വിജലൻസ് വിഭാഗം രൂപീകരിക്കൽ |
| | സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെ കുറിച്ച് പൊതു ജനങ്ങളിൽ നിന്നും, ഏജന്റുമാർ, വിൽപ്പന ക്കാർ എന്നിവരിൽ നിന്നും ഉയർന്നു വന്ന പരാതികളും വകുപ്പു നേരിടുന്ന പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഏകാംഗ കമ്മീഷനെ നിയമിക്കൽ |
| | 3 ഡി നിർമ്മാണം, ഫൈബർ ഓപ്റ്റിക്സ് എന്നീ രംഗങ്ങളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപി ക്കൽ |
| | കോഴിക്കോട് ജില്ലയിലെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്ത് ഒരു റസിഡൻഷ്യൽ വ്യവസായ പരിശീലന കേന്ദ്രം സ്ഥാപിക്കൽ |
| | അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് UID കാർഡുകൾ നൽകൽ |
| | പെരിയാർ, പറമ്പിക്കുളം കടുവ സങ്കേതിക വികസനത്തിനായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി |
| | പട്ടിക വർഗ്ഗ വിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റു ഗൈഡുകളാക്കാനുള്ള പദ്ധതി |
| | കോഴിക്കോട് വനിത പോളിടെക്നിക് കോളേജ് കാമ്പസിൽ ഒരു ഉൽപാദന പരിശീലന കേന്ദ്രം ആരംഭിക്കൽ |
| | സർക്കാർ സ്വയം ഭരണ കോളേജുകളും കല്പിത സർവ്വകലാശാലകളും ആരംഭിക്കൽ |
| | പോളിടെക്നിക്കുകളിൽ കമ്മ്യൂണിറ്റി കോളേജ് എന്ന പദ്ധതി നടപ്പാകൽ |
| | കൊരട്ടിയിൽ ഹ്യൂമൻ റിസോഴ്സ് ഡെവലപമെന്റ് ട്രെയിനിംഗ് സെന്റർ ആരംഭിക്കൽ |
| | ചിപ്സ് പദ്ധതി |

സെക്ഷൻ ഓഫീസർ

| അനുബന്ധം 2 |
|---|
| **2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളിൽ ഭരണാനുമതി ലഭിച്ചശേഷം പ്രവർത്തനം ആരംഭിച്ചവ** |
| **(വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)** |
| പാഴ് വസ്തുക്കളിൽ നിന്നും മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കൽ |
| ഗ്ലോബൽ അഗ്രി മീറ്റ് സംഘടിപ്പിക്കൽ |
| Made in Kerala - Safe to eat എന്ന ബ്രാൻഡ് CII യു മായി ചേർന്ന് ഉത്പന്നങ്ങൾ വിപണിയിൽ അവതരിപ്പിക്കൽ |
| കാർഷിക നൈപുണ്യ അവാർഡ് അനുവദിക്കൽ |
| ഇ-ഓഫീസ് സംവിധാനം പൈലറ്റ് പദ്ധതിയായി ധനകാര്യ വകുപ്പിൽ നടപ്പാക്കൽ |
| കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം എന്ന പദ്ധതി |
| വി-കെയർ പദ്ധതി |
| കൊല്ലം നഗരത്തിൽ കല്ലടയാറിൽ നിന്നും ജലവിതരണം നടത്തുന്ന പദ്ധതി/ കൊച്ചി നഗരത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്ന പദ്ധതി |
| പട്ടിശ്ശേരി ഡാം നിർമ്മാണ പദ്ധതി |
| എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ ആരംഭിക്കൽ |
| പ്രവാസികളുടെ ഡേറ്റാ ബാങ്ക് ആരംഭിക്കൽ |
| വനമേഖലയുടെ സംരക്ഷണത്തിനായി ജലസംരക്ഷണ പദ്ധതികൾ |
| വൈക്കം സത്യാഗ്രഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിന് ഒരു മ്യൂസിയവും മഹാത്മ ഗാന്ധിയുടെ പൂർണ്ണകായ പ്രതിമയും സ്ഥാപിക്കൽ |
| കോട്ടയത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ കേരള ചാപ്റ്ററിന്റെ കെട്ടിട നിർമ്മാണം |
| ആലപ്പുഴ ജില്ലാ ഇൻഫർമേഷൻ ഓഫീസിന് പുതിയ കെട്ടിടം |
| കുളമ്പ് രോഗത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി |
| എറണാകുളത്ത് പഴം/പച്ചക്കറി എന്നിവ ശീതീകരിച്ച് സംരക്ഷിക്കുന്ന യൂണിറ്റ് സ്ഥാപിക്കൽ |
| കേരള സംസ്കാരത്തെ വ്യാപിപ്പിക്കാനുതകുന്ന രീതിയിൽ ഒരു വെബ്സൈറ്റ് നിർമ്മിക്കുന്നത് |
| പന്മന ആശ്രമം/ തകഴി സ്മാരകം/ മൂലൂർ സ്മാരകം എന്നിവയ്ക്ക് ധനസഹായം |
| റവന്യൂ/ സർവ്വേ/ രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനം ഏകോപിപ്പിക്കുന്ന പദ്ധതി |
| നിലവിലുള്ള ഒരു പ്രതിവാര ലോട്ടറിയുടെ പേര് മംഗല്യ എന്ന് ആക്കി അതിൽ നിന്നും കിട്ടുന്ന വരുമാനം കൂടി മംഗല്യ നിധിയിലേക്ക് മാറ്റിവയ്ക്കുന്ന പദ്ധതി |
| സ്റ്റേറ്റ് വൈഡ് ഡിസബിലിറ്റി സർവ്വെ നടത്തൽ |
| 14 പുതിയ വൃദ്ധ സദനങ്ങൾ ആരംഭിക്കൽ |
| കുട്ടികളുടെ അവകാശം സംരക്ഷിക്കുന്നതിനായി സംസ്ഥാന കമ്മീഷൻ ആസ്ഥാനത്ത് ഒരു പോക്സോ ഡിവിഷൻ ആരംഭിക്കൽ |
| പട്ടിക വർഗ്ഗ ജന വിഭാഗത്തിനായി സംയോജിത സുസ്ഥിര വികസന പദ്ധതി |
| പട്ടിക വർഗ്ഗ വനിതകൾക്ക് അവരുടെ കുട്ടികളോടുകൂടി ഒരുമിച്ചു താമസിക്കാൻ കഴിയുന്ന വിധത്തിൽ വിവിധോദ്ദേശ ഹോസ്റ്റലുകൾ ആരംഭിക്കൽ |
| അയ്യൻകാളി സെന്റർ ഫോർ റിസർച്ച് സ്റ്റഡീസിന് ഗ്രാന്റ് അനുവദിക്കൽ |
| മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ |
| എറണാകുളം വല നിർമ്മാണ ഫാക്ടറിക്ക് പുതിയ മെഷീനുകൾ സ്ഥാപിക്കാനുള്ള ധനസഹായം |

| |
|---|
| നികുതി വകുപ്പിൽ ഇ-ഗവേർണൻസ് പദ്ധതി |
| എം.ജി. സർവ്വകലാശാലയിലെ നാനോ ടെക്നോളജി സെന്ററിന്റെ കീഴിൽ കൺവേർജനസ് അക്കാഡമിയ സെന്റർ സ്ഥാപിക്കൽ |
| K.S.R.T.C യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണവും ഇ- ഗവർണൻസ് നടപ്പിലാക്കലും |
| തിരുവനന്തപുരം ഗവ. ആയുർവേദ ആശുപത്രിയിൽ പ്രത്യേക വൃദ്ധ ജന പരിപാലന കേന്ദ്രം ആരംഭിക്കൽ |
| കോട്ടയം മെഡിക്കൽ കോളേജിൽ ക്യാൻസർ രോഗികളുടെ ചികിത്സക്കായി ലീനിയർ ആക്സിലേറ്റർ വാങ്ങൽ |
| കാസർഗോഡ് ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജിയുടെ കീഴിൽ ഒരു സെന്റർ ഫോർ ഇന്റഗ്രേറ്റഡ് മെഡിസിൻ & പബ്ളിക് ഹെൽത്ത് ആരംഭിക്കൽ |
| കേരളത്തെ ഹൈടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തൽ |
| വനിതകൾക്കായുള്ള അഭയ കേന്ദ്രങ്ങൾ പദ്ധതി |
| സാഫല്യം/ ഗ്രഹശ്രീ ഭവന പദ്ധതികൾ |
| സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെ കുറിച്ച് പൊതു ജനങ്ങളിൽ നിന്നും, ഏജന്റുമാർ, വിൽപ്പനക്കാർ എന്നിവരിൽ നിന്നും ഉയർന്നു വന്ന പരാതികൾ വകുപ്പു നേരിടുന്ന പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഏകാംഗ കമ്മീഷനെ നിയമിക്കൽ |
| അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് UID കാർഡുകൾ നൽകൽ |
| പെരിയാർ, പറമ്പിക്കുളം കടുവ സങ്കേതിക വികസനത്തിനായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി |
| കോഴക്കോട് വനിത പോളിടെക്നിക് കോളേജ് കാമ്പസിൽ ഒരു ഉൽപാദന പരിശീലന കേന്ദ്രം ആരംഭിക്കൽ |
| പോളിടെക്നിക് ക്മ്മ്യൂണിറ്റി കോളേജ് എന്ന പദ്ധതി നട്പ്പാകൽ |

സെക്ഷൻ ഓഫീസർ